പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ.*389

**24.06.2019** -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികളുടെ ഉന്നമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീ. പി.ടി.എ.റഹിം<br>ശ്രീ.പി.വി.അൻവർ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തോട്ടം തൊഴിലാളികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ വിശദമാക്കാമോ;<br><br>ബി) ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് ഭവനം ഫൗണ്ടേഷൻ മുഖേന വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) യും ബി) യും തോട്ടം മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി 29.06.2018-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം റീ പ്ലാന്റേഷനുവേണ്ടി റബ്ബർ മരം മുറിച്ചു മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കി വന്നിരുന്ന സീനിയറേജ് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ പ്ലാന്റേഷൻ ടാക്സ്, അഗ്രിക്കൾച്ചർ ടാക്സ്, ലയങ്ങളുടെ കെട്ടിട നികുതി എന്നിവ ഒഴിവാക്കി ഉത്തരവാകുകയും ഇക്കാര്യങ്ങളിൽ തുടർനടപടി സർക്കാരിന്റെ വിവിധ വകുപ്പുകൾ സ്വീകരിച്ചു വരികയുമാണ്. തോട്ടം മേഖലയുടെ സമഗ്ര പുരോഗതിക്കായി പ്ലാന്റേഷൻ പോളിസിയുടെ കരട് തയ്യാറാക്കിവരുന്നു.<br><br>കൂടാതെ തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതി മുഖേന ഭവനരഹിതരും സ്വന്തമായി ഭൂമിയുള്ളതുമായ തോട്ടം തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകളും സ്വന്തമായി ഭൂമിയില്ലാത്ത തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സും നിർമ്മിച്ച് |

നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും ആയതിന്റെ നടത്തിപ്പിന് ഭവനം ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭവനം ഫൗണ്ടേഷൻ കേരള മുഖേന നടപ്പിലാക്കി വരുന്ന 'Own Your Own Housing' പദ്ധതിയുടെ ആദ്യ പ്രോജക്ടിന്റെ നിർമ്മാണം ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിലെ കുറ്റിയാർ വാലിയിൽ പുരോഗമിച്ചു വരുന്നു. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഓണക്കിറ്റുകളും ഓണം എക്സ്ഗ്രേഷ്യ ധനസഹായമായി 2000/- രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| സി) സ്വന്തമായി വീട് ഇല്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം ഉടമകൾ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൊൻമുടി എസ്റ്റേറ്റ്, പീരുമേട് താലൂക്കിലെ എം.എം.ജെ. പ്ലാന്റേഷൻസ്, വയനാട് ജില്ലയിലെ ചെമ്പ്ര എസ്റ്റേറ്റ് എന്നീ തോട്ടം ഉടമകൾ ഉപാധികളോടെ സ്ഥലം വിട്ടുനൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിന് ഭവനം ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |
| ഡി) തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടി പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ പുരോഗമിച്ചു വരുന്നു. വേതന പരിഷ്കരണത്തിന് മുന്നോടിയായി തൊഴിലാളികൾക്ക് പ്രതിദിനം 50/- രൂപ ഇടക്കാലാശ്വാസമായി അനുവദിക്കാൻ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം തീരുമാനിക്കുകയുണ്ടായി. 2019 ഫെബ്രുവരി മാസം മുതൽ ഈ തീരുമാനപ്രകാരമുള്ള ഇടക്കാലാശ്വാസം തൊഴിലാളികൾക്ക് ലഭിച്ചു വരുന്നു. |

Sreejelas
**സെക്ഷൻ ഓഫീസർ**